<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

<u>പൊതുമേഖലാസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഡി.ഐ.സി., കെ.എസ്ഐ.ഡി.സി., കിൻഫ്രാ, സിഡ്കോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ എന്നിവയുടെ കീഴിലുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണ് ; | (എ) | സിഡ്കോയുടെ ഉടമസ്ഥതയിൽ ആകെ 316.885 ഏക്കർ വ്യവസായ ഭൂമിയും, കിൻഫ്രയുടെ ഉടമ സ്ഥതയിൽ 3438.23 ഏക്കർ ഭൂമിയും നിലവിലുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളിൽ 854.528 ഏക്കർ ഭൂമിയുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ, പ്ലോട്ടുകൾ വ്യവസായ ഏരിയകൾ എന്നിവിടങ്ങളിലെ ഭൂമിയുടെ ആകെ വിസ്തീർണ്ണം 2382.351 ഏക്കർ ആകുന്നു. മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവിന്റെ കീഴിലുള്ള ഭൂമിയുടെ വിസ്തീർണ്ണം 93.78 ഏക്കറുമാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് കീഴിൽ എത്ര ഭൂമിയാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ 4.04 ഏക്കർ വ്യവസായ ഭൂമി ഒഴിഞ്ഞു കിടപ്പുണ്ട്. ഇതിൽ, പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ മണൽ സൂക്ഷിച്ചിരിക്കുന്ന ഒന്നര ഏക്കർ ഭൂമിയും കോട്ടയം ജില്ലയിൽ നാട്ടകം മിനി വ്യവസായ എസ്റ്റേറ്റിൽ ഇലക്ട്രിക് ലൈൻ കടന്നു പോകുന്ന 4.09 സെന്റ് ഭൂമിയും മലപ്പുറം ജില്ലയിലെ എടവണ്ണ മിനി വ്യവസായ എസ്റ്റേറ്റിലെ വ്യവസായ യൂണിറ്റുകൾക്കു പിറകിലുള്ള 15.296 സെന്റ് ഭൂമിയും വിനിമയയോഗ്യമല്ല.<br><br>കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ 400 ഏക്കറോളം ഭൂമി അലോട്ട്മെന്റിനായി ശേഷിക്കുന്നുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളിൽ 199.57 ഏക്കർ ഭൂമി അലോട്ട്മെന്റിനായി ശേഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ, പ്ലോട്ടുകൾ വ്യവസായ ഏരിയകൾ എന്നിവിടങ്ങളിൽ 29.74 ഏക്കർ വ്യവസായ ഭൂമി നിലവിൽ ഒഴിഞ്ഞു കിടക്കുന്നു. ആലപ്പുഴ, ഇടുക്കി, എറണാകുളം, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, കോട്ടയം, മലപ്പുറം ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ നിലവിൽ ഭൂമി ഒഴിവില്ല. കൊല്ലം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ഷെഡ്ഡുകളായിട്ടാണ് അലോട്ട്മെന്റ്. നിലവിൽ 900 സ്ക്വയർ ഫീറ്റുള്ള ഒരു ഷെഡ്ഡ് ഒഴിഞ്ഞു കിടക്കുന്നു. തിരുവനന്തപുരത്ത് വെമ്പായത്തുള്ള ഒരു ഏക്കർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഒഴിഞ്ഞു കിടക്കുന്നു. കോഴിക്കോട്, ബാലുശ്ശേരി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 68 സെന്റ് ഭൂമിയിൽ വ്യവസായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. കണ്ണൂർ ജില്ലാ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 4 ഷെഡ് ഒഴിഞ്ഞു കിടക്കുന്നു. കാസർഗോഡ് ജില്ലയിൽ കുമ്പള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പട്ടികജാതികാർക്കുള്ള 3 ഷെഡുകളും ഒഴിഞ്ഞുകിടക്കുന്നു. |

സെക്ഷൻ ഓഫീസർ